## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6211** — **02/04/2018-ൽ മറുപടിയ്ക്ക്**

### കേപ്പ് (CAPE)ന് കീഴിലുള്ള കോളേജുകൾ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേപ്പിന് കീഴിലുള്ള കോളേജുകളെ (എ) സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ● അദ്ധ്യാപക തസ്തികയിലെ ഒഴിവുകളെല്ലാം പൂർണ്ണമായി നികത്തി.<br>● പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കും ജീവനക്കാർക്കും IIT/NIT/IIM തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശീലനം നൽകി.<br>● ലാബുകളുടേയും ലൈബ്രറികളുടേയും പ്രവർത്തനം ലോക ബാങ്ക് ഫണ്ട് 30 കോടി വിനിയോഗിച്ച് മെച്ചപ്പെടുത്തി.<br>● വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാമ്പസുകളിൽ Industry Institute Interaction പദ്ധതി നടപ്പാക്കി.<br>● എം.എൽ.എ/എം.പി. ഫണ്ട് അടിസ്ഥാന വികസനത്തിനായി വിനിയോഗിച്ചു.<br>● വിവിധ ഏജൻസികളുടെ അക്രഡിറ്റേഷൻ/ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. കേപ്പിന്റെ എല്ലാ സ്ഥാപനങ്ങളേയും Centre of Excellence ആക്കുന്നതിന്റെ ഭാഗമായി 213 കോടിയുടെ വിശദമായ പദ്ധതി നിർദ്ദേശം ഭരണാനുമതിയ്ക്കായി KIIFB ക്ക് സമർപ്പിച്ചു. |
| (ബി) | കേപ്പിന് കീഴിലുള്ള കോളേജുകൾക്ക് (ബി) നാക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; ഇതിനകം എത്ര സ്ഥാപനങ്ങൾക്ക് നാക്ക് അക്രഡിറ്റേഷൻ ലഭിച്ചു; | വടകര/തൃക്കരിപ്പൂർ കോളേജുകളിൽ NAAC അക്രഡിറ്റേഷൻ (B+) ഇതിനകം ലഭിച്ചു. അതിനു മുന്നോടിയായി കോളേജുകൾക്ക് ISO സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പെരുമൺ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ കോളേജുകളിൽ ISO |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കേഷൻ കരസ്ഥമാക്കി. പെരുമൺ, തലശ്ശേരി കോളേജുകൾ NBA അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) | കേപ്പിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; ചെലവ് ചുരുക്കലിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; | (സി) | കേപ്പിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>● സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 2017-18 ൽ 10 കോടി രൂപ അനുവദിച്ചു 2016-17 ൽ 18.6 കോടി രൂപയും അനുവദിച്ചു.<br>● 5 കോടി രൂപ ബാങ്കുകളിൽ നിന്നും ഓവർ ഡ്രാഫ്റ്റ് എടുക്കാനും തീരുമാനിച്ചു.<br>● ചെലവുചുരുക്കുന്നതിന്റെ ഭാഗമായി അനാകർഷകമായതും കുട്ടികളെ കിട്ടാൻ പ്രയാസം നേരിടുന്നതുമായ ബ്രാഞ്ചുകളിലെ 315 സീറ്റുകൾ വെട്ടിക്കുറച്ചു. |
| (ഡി) | കേപ്പിന് സർക്കാർ നൽകുന്ന ഫണ്ട് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ? | (ഡി) | 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ വിഹിതമായി 10 കോടി രൂപയും നോൺ പ്ലാൻ വിഹിതമായി 4.0348 കോടി രൂപയും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും 2017-18 ൽ 10 കോടി രൂപയും അനുവദിച്ചു. 2016-17 ൽ 18.6 കോടി രൂപയും അനുവദിച്ചു. പ്ലാൻ വിഹിതം വർദ്ധിച്ചിട്ടില്ല. നോൺ പ്ലാൻ വിഹിതത്തിൽ വർധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ